പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *291 03/04/2013- ൽ മറുപടിക്ക്

## ജന്തുക്ഷേമ ക്ലബ്ബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. റ്റി. എൻ പ്രതാപൻ :<br>ശ്രീ. സി.പി. മുഹമ്മദ്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജന്തുക്ഷേമക്ലബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. വിഞ്ജാന വ്യാപനവും, പരിശീലനവും പദ്ധതി പ്രകാരം 2011-2012 വർഷം 140 ജന്തുക്ഷേമ ക്ലബുകൾ 140 മണ്ഡലങ്ങളിലായി നടപ്പാക്കാൻ നടപടി സ്വീകരിക്കുകയുണ്ടായി. 100 ജന്തുക്ഷേമ ക്ലബുകൾക്കായി 20 ലക്ഷം രൂപയാണ് ചെലവഴിച്ചത്. ഒരു യൂണിറ്റിന് 20,000/- രൂപ നിരക്കിൽ നൽകുകയുണ്ടായി. പിന്നീട് 40 അധിക സ്കൂളുകളിൽ കൂടി ക്ലബ്ബ് അനുവദിക്കാൻ തീരുമാനമായി. അതിനായി 8 ലക്ഷം രൂപ പബ്ലിസിറ്റി ഓഫ് എക്സ്റ്റൻഷൻ പ്രോഗ്രാമിൽ നിന്നും അനുവദി ക്കുകയും ചെയ്തു. ആകെ 28 ലക്ഷം രൂപയ്ക്ക് 140 സ്കൂളുകളിൽ ഒരു യൂണിറ്റിന് 20,000/- രൂപ നിരക്കിലാണ് ജന്തുക്ഷേമക്ലബ്ബുകൾ ആരംഭിച്ചത്. 2012-13 സാമ്പത്തികവർഷം വിഞ്ജാന വ്യാപനവും, പരിശീലനവും പദ്ധതിയിൽ ഉൾപ്പെടുത്തി 100 സ്കൂളുകളിൽ ജന്തുക്ഷേമക്ലബ്ബുകൾ ആരംഭിക്കു ന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം ഈ വർഷത്തെ പദ്ധതി പ്രവർത്തനം 100 സ്കൂളുകളിൽ നടന്നുവരുന്നു. ഒരു യൂണിറ്റിന് 50,000/- രൂപ നിരക്കിലാണ് ഈ വർഷം പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) വിദ്യാർത്ഥികളിൽ ജന്തു സ്നേഹവും മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ താൽപ്പര്യവും വളർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ക്ലബുകളുടെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) തെരഞ്ഞെടുത്ത സ്കൂളുകളിലെ ഓരോ ക്ലബ്ബിനും വളർത്തുമൃഗങ്ങളായ ആട്, കോഴി, മുയൽ എന്നിവ നൽകുകയും ക്ലബ്ബ് അംഗങ്ങളായ കുട്ടികളെ വളർത്താൻ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. സൗജന്യമായി ചെറുമൃഗങ്ങളെയും പക്ഷികളെയും നൽകുമ്പോൾ കൂടുകൾ കൂടി സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം നൽകുന്ന മൃഗസംരക്ഷണ ഉപാധികളിൽ നിന്നും ലഭ്യമാകുന്ന സമ്പത്ത് പേരന്റ് ടീച്ചർ അസോസിയേഷനും ക്ലബ്ബിലെ സജീവ മെമ്പർമാരുമായി പങ്കിടുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ക്വിസ് പ്രോഗ്രാമുകൾ , പെയിന്റിംഗ്, പ്രബന്ധരചന എന്നീ വിഷയങ്ങളിൽ മത്സരം നടത്തി ഉണർവുണ്ടാക്കുവാനും സമ്മാന |

മത്സരം നടത്തി ഉണർവുണ്ടാക്കുവാനും സമ്മാന വിതരണം നടത്തി പ്രോത്സാഹനം നൽകുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കുട്ടികളെ ഫാം സന്ദർശനങ്ങൾക്കായി കൊണ്ടു പോകുവാനും (എക്സ്പോഷർ വിസിറ്റ്) അതുവഴി മൃഗപരിപാലന ത്തിൽ താത്പര്യവും അറിവും വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത സ്കൂളുകളിലെ 7,8,9, ക്ലാസുകളിലെ കുട്ടികളെയാണ് ഈ ക്ലബ്ബുകളിലെ മെമ്പർമാരായി തെരഞ്ഞെടുത്തിട്ടുള്ളത്. മേൽനോട്ടത്തിനായി സ്കൂളിലെ തന്നെ തെരഞ്ഞെടുത്ത അധ്യാപകനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത് ;

(സി) തെരഞ്ഞെടുത്ത സ്കൂളുകളിലെ പേരന്റ് ടീച്ചർ അസോസിയേഷനും, സ്കൂളുകൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തും, വെറ്ററിനറി സർജനും, പഞ്ചായത്തിലെ ഒരു പ്രതിനിധിയുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെട്ടവർ. സ്കൂളിലെ തന്നെ ഒരു അധ്യാപകനെ ഇതു നടപ്പിലാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ക്ലബുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം ധനസഹായമാണ് നൽകുന്നത്; വിശദമാക്കുമോ?

(ഡി) വിഞ്ജാന വ്യാപനവും, പരിശീലനവും പദ്ധതിയിൽ ഉൾപ്പെടുത്തി 100 ക്ലബ്ബുകൾക്ക് 50 ലക്ഷം രൂപ ചെലവുചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. തെരഞ്ഞെടുത്ത ഒരു സ്കൂളിൽ ഒരു യൂണിറ്റ് എന്ന നിലയ്ക്ക് 50,000/- രൂപയാണ് 2012-13 വർഷത്തിൽ നീക്കിവച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ